**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** | **20-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | **ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നത്.**<br><br>***സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി,*** **പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന** ***കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ*** **എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് 2024-25 സാമ്പത്തിക വർഷത്തിലും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.** |
| (ബി) | ഈ സർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്ര രൂപയാണെന്നും എന്ന് മുതലാണെന്നും വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രം അനുവദിച്ച നെല്ലിന്റെ താങ്ങ് വില 2020-21, 2021-22, 2022-23 വർഷങ്ങളിൽ 18.68 രൂപ, 19.40 രൂപ, 20.40 രൂപ എന്നീ ക്രമത്തിലാണ്.<br><br>2021-22 സീസണിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില 19.40 രൂപയും, സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയും ചേർത്ത് ഒരു |

| | | | |
|---|---|---|---|
| | | | കിലോ നെല്ലിന് 28 രൂപ/kg ക്രമത്തിലാണ് സംഭരണം നടത്തിയിരുന്നത്. 2022-23 നെല്ല് സംഭരണ സീസൺ മുതൽ നെല്ലിൻെറ വില 28.20 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. |
| (സി) | നെല്ലിന്റെ താങ്ങുവിലയുടെ സംസ്ഥാന വിഹിതം കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (സി) | നെല്ലിന് അർഹമായ താങ്ങ് വില നൽകേണ്ടത് കേന്ദ്രമാണ്. അർഹമായ താങ്ങ് വില കേന്ദ്രത്തിൽ നിന്നും ലഭിക്കാത്ത സാഹചര്യത്തിലാണ് സംസ്ഥാനം പ്രോത്സാഹന ബോണസ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി 2024-25 സ്വീകരിച്ചിട്ടുള്ള പദ്ധതികൾ :</u>**

**(1)** സംസ്ഥാനാവിഷ്കൃത പദ്ധതിയായ ***നെൽകൃഷി വികസന പദ്ധതി*** യിലെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു ***:***

- ***സുസ്ഥിര നെൽകൃഷി വികസന പദ്ധതി***യിൽ അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്. ഇതിനായി 2024-25 വർഷത്തിൽ 90909.09 ഹെക്ടറിലേക്ക് 5000.00 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 68686.79255 ഹെക്ടറിലേയ്ക്ക് 3777.77359 ലക്ഷം രൂപ ചെലവഴിച്ചു.

- ***നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി***യായി ഹെക്ടറിന് 3000/- രൂപ നിരക്കിൽ 2024-25 സാമ്പത്തിക വർഷത്തിൽ 500.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 5.81734 ലക്ഷം രൂപ ചെലവഴിച്ചു.

- ***നെൽവയലിലെ മണ്ണിന്റെ ആരോഗ്യ പരിപാലന***ത്തിനായി 49074.07 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ 2650.00 ലക്ഷം രൂപയും ആയതിന്റെ ട്രാൻസ്പോർട്ടേഷൻ ചിലവുകൾക്കായി 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2660.00 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷത്തിൽ നീക്കി വെച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 25714.52907 ഹെക്ടറിലേയ്ക്ക് കുമ്മായവസ്തുക്കൾക്കായി ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ 1390.67237 ലക്ഷം രൂപ ചെലവഴിച്ചു.

- ***പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾ***ക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ 83333.33 ഹെക്ടറിലേക്ക് 300.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 37439.38056 ഹെക്ടറിലേയ്ക്ക് 134.78177 ലക്ഷം രൂപ ചെലവഴിച്ചു.

- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ***10 നെൽകൃഷി വികസന ഏജൻസികൾക്കായി*** ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2023-24 വർഷത്തിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

- ***തരിശുനില കൃഷിക്ക്*** ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 700 ഹെക്ടർ തരിശ് ഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 280.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 515.29318 ഹെക്ടറിൽ തരിശുനില കൃഷി ചെയ്യുന്നതിന് 206.11727 ലക്ഷം രൂപ ചെലവഴിച്ചു.

- ***പ്രത്യേക നെല്ലിനങ്ങളു***ടെ കൃഷി 200 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ 20.00 ലക്ഷം രൂപയുമാണ് നീക്കിവെച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കി വരികയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 157.122 ഹെക്ടറിൽ പ്രത്യേക നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിന് 15.71220 ലക്ഷം രൂപ ചെലവഴിച്ചു.

- ***കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി*** തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2024-25 വർഷത്തിൽ 50.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

- 2024-25 വർഷത്തിൽ ***നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന്*** രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി പ്രകാരം 2500 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 125.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 43.34226 ലക്ഷം രൂപ ഈ ഘടകത്തിൽ ചെലവഴിച്ചു .

- ***ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത്*** വഴി നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 9750 ഹെക്ടറിലേയ്ക്ക് 195.00 ലക്ഷം രൂപ നീക്കി വെച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നു.

- പ്രൊജക്ട് അടിസ്ഥാനത്തിൽ ബ്ലോക്ക് തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരി മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം എന്നിവയ്ക്കായി 200.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

***(2) നോൺ പ്ലാൻ (പദ്ധതിയേതരം)*** ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു. ഇതിനായി 2024-25 വർഷത്തിൽ 1368.50 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

***(3)*** നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ***ജലസേചനത്തിന് വൈദ്യുതി സൗജന്യമായി*** അനുവദിച്ചു വരുന്നുണ്ട്. ഇതിനായി 2024-25 വർഷത്തിൽ 3692 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

***(4) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല് ) പാലക്കാട് ജില്ലയിൽ*** നടപ്പിലാക്കി വരുന്നു. പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിൽ 13.42 ലക്ഷം രൂപ അനുവദിക്കുകയും 13.42 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. കൂടാതെ 60.6 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ കേന്ദ്ര

സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

***(5) ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ*** ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/-രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ് .

***(6) പ്രകൃതിക്ഷോഭം മൂലം*** നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 15000/-രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

***(7)*** കുട്ടനാടൻ മേഖലയിലെ പ്രത്യേക കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി നെൽകൃഷിയ്ക്കു വേണ്ടി വെള്ളം വറ്റിക്കുന്നതു മുതൽ നിലമൊരുക്കൽ, വിത്തിടൽ, വിളവെടുപ്പ്, സംഭരണം തുടങ്ങി നെൽകൃഷിയുടെ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ടി ഈ മേഖലയിലെ വിദഗ്ധർ ഒരു കാർഷിക വിള കലണ്ടർ ഉണ്ടാക്കുകയും ആയതിനെ അടിസ്ഥാനമാക്കി ഈ വർഷം മുതൽ കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.